# കേരള നിയമസഭ
# 19.03.2013-ലെ മറുപടിക്ക്

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്

655 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ ആകെ എത്ര ജീവനക്കാരുണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; മറ്റു തരത്തിലുള്ള ജീവനക്കാർ എത്ര; കാർഗോ വിഭാഗത്തിൽ ജോലി ചെയ്യുന്നവർ എത്ര;

(ബി) ഈ സ്ഥാപനം ഏതെങ്കിലും വിദേശ കമ്പിനികളുമായി ചേർന്ന് കാർഗോ ഓപ്പറേഷൻ നടത്താൻ ധാരണയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിദേശകമ്പനി ഏതാണ്; ഇവരുടെ പ്രവർത്തനം എന്നു മുതൽ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഈ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഇപ്പോൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(ഡി) ഈ സ്ഥാപനം കഴിഞ്ഞ ആറു വർഷത്തിൽ ഓരോ വർഷവും നേടിയ ലാഭം എത്ര; ഈ ലാഭത്തിൽ ഓരോ വർഷവും എത്ര തുക വീതം ലാഭവിഹിതമായി ഗവൺമെന്റിനു നൽകി;

(ഇ) വളരെയേറെ ലാഭമുണ്ടാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വിദേശകമ്പനികളുമായി ധാരണയിലെത്താനുള്ള നീക്കം തടയുന്നതിനും എന്തു നടപടികളാണു സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

